(ഡി) രാസവളങ്ങളുടെ സബ്സിഡി പുനഃസ്ഥാപിക്കാനും കാർഷിക ആവശ്യത്തിനുള്ള വൈദ്യുതിയുടെ നിരക്ക് വർദ്ധനവ് പിൻവലിക്കാനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)-(ഡി) കേന്ദ്ര ഗവൺമെന്റ് വളങ്ങളുടേയും കീടനാശിനികളുടേയും വില വർദ്ധിപ്പിക്കുക, സബ്സിഡി പിൻവലിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്തരവുകൾ ഒന്നുംതന്നെയില്ല. ഇത്തരം നടപടികൾ പിൻവലിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ വിവരങ്ങൾ ശേഖരിച്ച് അയയ്ക്കുവാൻ ഡൽഹിയിലെ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകിട്ടുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**കള്ള് ചെത്ത് വ്യവസായത്തെ പുനരുദ്ധരിക്കുവാൻ നടപടി**

**29 (*389)** ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് ചെത്ത് വ്യവസായത്തെ പുനഃരുദ്ധരിക്കുവാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത വ്യവസായമായ കള്ള് വ്യവസായത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കള്ളിന്റെ ട്രാൻസ്പോർട്ടിംഗ് ഫീസ് ഈടാക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കള്ള് വ്യവസായത്തിന്റെ സംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ചില ജില്ലകളിൽ മൂന്നു വർഷത്തേയ്ക്ക് ലേലം നടത്തുന്ന നടപടി ഈ വർഷവും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെ ഏതെല്ലാം റെയിഞ്ചിലാണ് 3 വർഷത്തേയ്ക്ക് ഷാപ്പ് ലേലം നടത്തുന്നത്; ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) കള്ളുഷാപ്പ് ലേലത്തിൽ ഇപ്പോൾ നടപ്പാക്കിവരുന്ന നയം മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; റെയിഞ്ചിലെ ലേല സംഖ്യയും ഉൽപ്പാദനവും വിൽപ്പനയും തമ്മിൽ ബന്ധപ്പെടുത്തി ലേലം ഉറപ്പിക്കുക എന്ന നയം സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സംസ്ഥാനത്ത് കള്ള് വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 14/08/98-ൽ ജി.ഒ (എം.എസ്.) നം.-119/98/റ്റിഡി പ്രകാരം സർക്കാർ കള്ള് വ്യവസായ പുനഃസംഘടനാ കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റിയുടെ പ്രവർത്തനം നടന്നുവരികയും ചെയ്യുന്നു. ഈ കമ്മിറ്റിയിൽ വകുപ്പു ഉദ്യോഗസ്ഥൻമാരും ഈ മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത തൊഴിലാളി സംഘടനകളുടെ പ്രതിനിധികളും തൊഴിലുടമ പ്രതിനിധികളും അംഗങ്ങളാണ്.

(ബി) ഒരു ജില്ലയിൽനിന്നും മറ്റൊരു ജില്ലയിലേയ്ക്ക് കള്ള് കടത്തിക്കൊണ്ട് പോകുവാൻ ഒരു ലിറ്റർ കള്ളിന് ഒരു രൂപ ദിനംപ്രതി ഈടാക്കുന്നുണ്ട്. കള്ളിന് ഈടാക്കുന്ന കടത്ത് ഫീസ് കള്ളുവ്യവസായത്തെ ദോഷകരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കള്ള് ഷാപ്പുകൾ സാധാരണ ഗതിയിൽ ഒരു വർഷത്തേയ്ക്കാണ് ലേലം ചെയ്യുന്നത്. എന്നാൽ ആവശ്യമെന്നു കണ്ടാൽ കള്ളുഷാപ്പുകൾ മൂന്നുവർഷത്തേയ്ക്ക് ലേലം ചെയ്യുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

(ഡി) കള്ളുഷാപ്പ് ലേലത്തിൽ ഇപ്പോൾ നിലവിലിരിക്കുന്ന നയം മാറ്റുവാൻ ഉദ്ദേശിക്കുന്നില്ല. ലേലം വിളിക്കുന്നവർ ഷാപ്പുകളിൽ വിൽപ്പനയ്ക്കുള്ള കള്ള് അവരുടെ റേഞ്ചിൽ ലഭ്യമല്ലാതെവരുന്ന സാഹചര്യത്തിൽ ആയത് മറ്റ് ജില്ലകളിൽനിന്നും കൊണ്ടുവന്നു വിൽക്കുവാനുള്ള നിയമം നിലവിലുണ്ട്.

## വന്യമൃഗങ്ങളെ സംബന്ധിച്ചുള്ള സെൻസസ്

**30 (*390)** ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളെ സംബന്ധിച്ചുള്ള സെൻസസ് അവസാനമായി എടുത്തത് എന്നാണ്;

(ബി) ഇതനുസരിച്ച് കേരളത്തിൽ ഓരോ ഇനത്തിലും എത്ര മൃഗങ്ങൾ വീതമുണ്ട്;

(സി) വന്യമൃഗങ്ങളെ സംരക്ഷിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെ വനം മാഫിയ തടസ്സപ്പെടുത്തുന്നുണ്ടോ;

(ഡി) കടുവകളേയും ആനകളേയും വേട്ടയാടുന്നവരെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ റെയിഞ്ചിലും എത്ര കേസ്സുകൾ വീതം ആരുടെയെല്ലാം പേരിൽ ഈ സർക്കാർ വന്നതിനുശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) 1997-ൽ

(ബി) 1997-ലെ സെൻസസ് പ്രകാരം വന്യമൃഗങ്ങളുടെ എണ്ണം താഴെപ്പറയുന്ന പ്രകാരം കണക്കാക്കിയിട്ടുണ്ട്.

| | |
|---|---|
| ആന | 5737 |
| കാട്ടുപോത്ത് | 4151 |
| കരിങ്കുരങ്ങ് | 24809 |
| മ്ലാവ് | 13661 |
| പുള്ളിമാൻ | 14682 |
| കാട്ടുപന്നി | 40425 |
| കടുവ | 73 |

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. വനം വന്യജീവി സംരക്ഷണ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നു.

2. ജീവനക്കാരുടെ നിരന്തരമായുള്ള ഫീൽഡ് പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ട്. അവരുടെ സുരക്ഷിതത്വത്തിനായി വാഹനം, വയർലെസ് സെറ്റുകൾ, ആയുധങ്ങൾ എന്നിവ നൽകിയിട്ടുണ്ട്.

3. സംസ്ഥാനത്ത് വനപ്രദേശങ്ങളിൽ ആകെ 88 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ച് സംരക്ഷണ വിഭാഗം ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് സുഗമമായ ഫീൽഡ് പരിശോധന ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിനുപുറമേ 8 ഫ്ളയിംഗ് സ്കാഡ് ഡിവിഷനുകളും 22 ഫ്ളയിംഗ് സ്കാഡ് യൂണിറ്റുകളും

LIBRARY ARCHIVES Kerala Legislative Assembly